**പതിനഞ്ചാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 സെപ്റ്റംബർ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

23(*151) ആരോഗ്യ മേഖലയിൽ വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ് ) നൽകിയ മറുപടിയിൽ, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളും സേവനങ്ങളും വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലെയും ചികിത്സാ വിവരങ്ങൾ ഏകോപിപ്പിക്കുന്നതിന് 'ഇ-ഹെൽത്ത്' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും 594 ആശുപത്രികൾ/ആരോഗ്യകേന്ദ്രങ്ങളിൽ ഇത് ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ

അപ്പോയ്ന്റ്മെന്റ്, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ, പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം തുടങ്ങിയ സേവനങ്ങൾ രൂപകല്പന ചെയ്തിട്ടുണ്ട്. യുണീക് ഹെൽത്ത് ഐ.ഡി. മുഖേന ചികിത്സാവിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും വ്യക്തിഗത വിവരങ്ങളുടെ സ്വകാര്യത ഉറപ്പുവരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. ആശുപത്രികളിൽ എത്തിച്ചേരാൻ സാധിക്കാത്തവർക്ക് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി 'ഇ-സഞ്ജീവനി' പദ്ധതി നടപ്പിലാക്കുകയും 'ഇ-പേമെന്റ്' സംവിധാനം ഏർപ്പെടുത്തുന്നതിനായി POS മെഷീനുകൾ സ്ഥാപിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധികളുടെ ദൈനംദിന റിപ്പോർട്ടിംഗ് Integrated Health Information Platform വഴി എല്ലാ ജില്ലകളിലും നടത്തുകയും ജീവിതശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായി "ശൈലീ" ഓൺലൈൻ ആപ്ലിക്കേഷൻ ഉപയോഗിച്ചുവരികയുമാണ്. മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലേയ്ക്കായി 48 സ്ഥാപനങ്ങളിൽ മെഡിക്കൽ ബോർഡുകൾ ഓൺലൈനായി പ്രവർത്തിക്കുന്നുണ്ടെന്നും വികലാംഗ സർട്ടിഫിക്കറ്റുകൾ UDID മുഖേന ഓൺലൈനായി നൽകുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ബയോ വേസ്റ്റ് സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഈ വർഷം എല്ലാ മെഡിക്കൽ കോളേജുകളിലും മെറ്റീരിയൽ കളക്ഷൻ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കോഴിക്കോട് ജില്ലയിൽ 'നിപ' പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഐസൊലേഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളേർപ്പെടുത്തുകയും മോണോക്ലോണൽ ആന്റിബോഡീസ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 24(*152) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, ത്രിതല പഞ്ചായത്തുകളുടെ വികസന-ക്ഷേമ-സേവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി വാർഷിക പദ്ധതി സമഗ്രമായി ഉപയോഗപ്പെടുത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇ-ഗവേണൻസിലൂടെ അഴിമതിരഹിത സദ്ഭരണം സാധ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫ്രണ്ട് ഓഫീസ്, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, സിറ്റിസൺ സർവ്വീസ്

പോർട്ടൽ, ഐ.എൽ.ജി.എം.എസ്, ഉപജില്ല-ജില്ല- സംസ്ഥാന അദാലത്ത്, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ, വാതിൽപ്പടി സേവനം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുകയും വിവാഹ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കുകയും കുടുംബശ്രീയെ ശക്തിപ്പെടുത്തുകയും മാലിന്യമുക്ത നവകേരളം/നവകേരള തദ്ദേശകം കാമ്പയിനുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ടെന്നും സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്ഥാപനങ്ങളിലെ റോഡ് കട്ടിംഗ് അനുവാദത്തിനുള്ള അപേക്ഷകളുടെ കാലതാമസവും പരാതികളും ഒഴിവാക്കുന്നതിന് 'സുഗമ പോർട്ടൽ വെബ് ആപ്ലിക്കേഷൻ' (Sugama Portal Web Based Road Cutting & Utility Shifting Solution) ഉപയോഗിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം

വനിതാ ഘടക പദ്ധതി രൂപീകരിക്കുന്നതിനും വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാത്ത തുക ഇതിനായി വകയിരുത്തുന്നതിനും 5% തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ തുടങ്ങിയ വിഭാഗങ്ങളിലുള്ളവർക്കും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പദ്ധതികൾക്കുമായി നീക്കിവയ്ക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം 27.19% പദ്ധതി വിഹിതം അനുവദിച്ചിട്ടുണ്ടെന്നും ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 0.50% തുക എല്ലാവർഷവും വർദ്ധിപ്പിക്കുന്നുണ്ടെന്നും ഗ്രാമീണ റോഡുകളുടെ പരിപാലനത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതുതായി നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 'കില' മുഖാന്തരം പ്രത്യേക പരിശീലനം നൽകുന്നുണ്ട്;പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ സെക്രട്ടറിമാർക്ക് ഐ.എം.ജി. മുഖേന പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവും എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഇന്റർ ട്രാൻസ്ഫറബിലിറ്റിയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നടപടി

സ്വീകരിച്ചുവരുന്നുണ്ടെന്നും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ജീവനക്കാരെ സ്ഥലംമാറ്റിയതെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിൽ കാലാനുസൃതമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്നും തൊഴിൽ സാക്ഷരതാ പ്രവർത്തകരെ തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വ്യവസായ സംരംഭങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

## 25 (*153) മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, കേരളത്തിൽ വിതരണ ശൃംഖലകൾ സൃഷ്ടിച്ച് വ്യാപാരം നടത്തുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള മോണിറ്ററിംഗ് മെക്കാനിസം

നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ജില്ലാ സപ്ലൈ ഓഫീസർമാരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മണി ചെയിൻ, പിരമിഡ് സ്കീമുകൾ 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം നിരോധിച്ചിട്ടുണ്ട്. ഓൺലൈൻ തട്ടിപ്പുകളെ കുറിച്ചും ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ചും പ്രചാരണവും നാഷണൽ സർവീസ് സ്കീം, വോളണ്ടറി കൺസ്യൂമർ ഓർഗനൈസേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ വഴി ഉപഭോക്തൃ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് അതോറിറ്റി മുമ്പാകെ എൻറോൾ ചെയ്യുന്ന കമ്പനികളുടെ വിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും എൻറോൾ ചെയ്യാതെയും സർക്കാർ അനുമതിയില്ലാതെയും പ്രവർത്തിക്കുന്ന കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*154) ലൈഫ് പദ്ധതി

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31-08-2023 വരെ 349247 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 116541 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും 11857.51 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. PMAY-U/PMAY-G കേന്ദ്ര വിഹിതമായി ഇതുവരെ 2105.76 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന്റെ ഭാഗമായി ദേശീയ നഗര ഉപജീവന മിഷനുമായി സംയോജിച്ച് 968 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും 410 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും 347 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ലൈഫ് ഗുണഭോക്താക്കൾക്ക് 90 തൊഴിൽ ദിനങ്ങളും 27,990 രൂപയുടെ അധിക ധനസഹായവും നൽകിയിട്ടുണ്ടെന്നും ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിന് 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിൻ നടത്തിവരുന്നുണ്ടെന്നും നഗര മേഖലയിലെ ഭൂരഹിതർക്ക് റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഭൂമി കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.